


# മുഹമ്മദ് നബി ഒരു നഖചിത്രം

സ്വാമി ശിവാനന്ദ സരസ്വതി

**ഇസ്‌ലാമിന്റെ** പ്രവാചകനായി അറിയപ്പെടുന്ന മുഹമ്മദ് മക്കയിൽ ഖുറൈശി ഗോത്രത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ ഗോത്രത്തിന്റെ മുഖ്യ തൊഴിൽ കച്ചവടമായിരുന്നു.



ലാളിത്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും ജീവിതമാണ് ഇസ്‌ലാമിന്റെ പ്രവാചകൻ നയിച്ചത്. കത്തിക്കാൻ എണ്ണയില്ലാത്തതിനാൽ, മൺകട്ടയുടെ ചുമരും ഈത്തപ്പനയോലയുടെ മേൽക്കൂരയുമുള്ള അദ്ദേഹത്തിന്റെ വീട് ചിലപ്പോൾ ഇരുളിലായിരിക്കും. പലപ്പോഴും റൊട്ടിയുണ്ടാക്കാനുള്ള ധാന്യപ്പൊടി വീട്ടിൽ ഉണ്ടാകുമായിരുന്നില്ല.

മുഹമ്മദിന്റെ പിതാവിന്റെ പേര് അബ്ദുല്ല. ഒരു യാത്രക്കിടയിലായിരുന്നു അദ്ദേഹത്തിന്റെ മരണം. മുഹമ്മദ് ജനിച്ച് ആറു വർഷം കഴിഞ്ഞ് മാതാവും മരിച്ചു. പിന്നീട് സംരക്ഷണം പിതൃസഹോദരൻ അബൂത്വാലിബിനായി.

മുഹമ്മദ് നിരക്ഷരനായിരുന്നെങ്കിലും വളരെ ചെറുപ്പത്തിൽതന്നെ ആ മനസ്സ് ഏകാഗ്രമായിരുന്നു. വളരെ ഗൗരവക്കാരനായ കുട്ടിയായിരുന്നു മുഹമ്മദ്. അനാവശ്യ കളിതമാശകളിലൊന്നും പങ്കുചേർന്നിരുന്നില്ല.

വളർന്നപ്പോൾ മുഹമ്മദിന്റെ സത്യസന്ധതയും ജീവിത വിശുദ്ധിയും നാടാ

കെ പ്രസിദ്ധമായി. ചെയ്ത വാഗ്ദാനങ്ങളൊന്നും അദ്ദേഹം പാലിക്കാതിരുന്നിട്ടില്ല. വളരെ വിശ്വസ്തനായിരുന്നതിനാൽ അൽഅമീൻ എന്ന വിളിപ്പേരും കൈവന്നു.

ഒരു ദിവസം മുഹമ്മദ് തന്റെ അമ്മാവനോടൊപ്പം കച്ചവടാവശ്യാർഥം സിറിയയിലേക്ക് പോയി. വഴിമധ്യേ ബുഹൈറ എന്ന ക്രിസ്ത്യൻ പാതിരിയെ കണ്ടുമുട്ടി. പാതിരി വളരെ പെട്ടെന്ന് ഈ കുട്ടിയിൽ ഭാവി പ്രവാചകനെ തിരിച്ചറിഞ്ഞു.

25 വയസ്സായപ്പോൾ മക്കയിലെ ധനിക വിധവയായ ഖദീജയെ വിവാഹം കഴിച്ചു. ഖദീജക്ക് നാൽപത് വയസ്സുണ്ടായിരുന്നു. കളങ്കമേൽക്കാത്ത ഉത്തമ സ്വഭാവത്തിനുടമയായിരുന്നു ഖദീജ.

മക്കയിൽനിന്ന് മൂന്ന് മൈൽ അകലെ മരുപ്രദേശത്തുള്ള ഒരു ഗുഹയിലേക്ക് മുഹമ്മദ് ഇടക്കിടെ പോകാറുണ്ടായിരുന്നു. അവിടെ ചെന്ന് മാസങ്ങളോളം പ്രാർഥിക്കും, ധ്യാനമിരിക്കും. ഒരു ദിവസം ഗബ്രിയേൽ പ്രത്യക്ഷപ്പെട്ട് 'ദൈവവചനം പ്രഘോഷം ചെയ്യൂ' എന്ന് ആവശ്യപ്പെട്ടു. അത് ദൈവത്തിന്റെ സന്ദേശമായിരുന്നു. ഈ ദിവ്യവചനങ്ങൾ ക്രോഡീകരിച്ചതാണ് ഖുർആൻ. ഖുർആൻ മുഹമ്മദിന്റെ രചനയല്ല, ദൈവത്തിൽനിന്ന് നേരിട്ടുള്ള വെളിപാടാണ്.

ഗുഹയിൽനിന്ന് മടങ്ങുമ്പോൾ ദിവ്യതേജസ് മുഹമ്മദിൽ നിറഞ്ഞിരുന്നു. തനിക്കുണ്ടായ കാഴ്ചകൾ വിവരിച്ചപ്പോൾ ഭാര്യ ഖദീജ പറഞ്ഞു: 'താങ്കൾ വിശ്വസ്തനാണ്, ഒരു കള്ളവും ഉരിയാടിയിട്ടില്ല. അതിനാൽ ആ വിളിയാളത്തെ അനുഗമിക്കുക.' പ്രവാചകനിൽ വിശ്വാസം രേഖപ്പെടുത്തിയ ആദ്യ അനുയായിയാണ് ഖദീജ.

പൊതുഭാഷണത്തിലൂടെ എത്രയോ പേരെ മുഹമ്മദ് തന്റെ സന്ദേശത്തിലേക്ക് ക്ഷണിച്ചു. ദൈവത്തിന്റെ ഏകത്വം പ്രഖ്യാപിച്ച ആ ഭാഷണങ്ങൾ തിന്മകൾക്കെതിരെ ആഞ്ഞടിച്ചു. ചിലർ പരിഹസിച്ച് പിന്മാറിയെങ്കിലും, മറ്റു ചിലർക്ക് ആ വാക്കുകളുടെ ശക്തിയിൽ മനഃപരിവർത്തനമുണ്ടായി.

ഒരിക്കൽ കഅ്ബയിൽ ചെന്ന് അല്ലാഹുവല്ലാതെ ദൈവമില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വിഗ്രഹാരാധകർക്ക് ഇത് അവഹേളിക്കലായാണ് അനുഭവപ്പെട്ടത്. അവരദ്ദേഹത്തെ ആക്രമിച്ചു. പക്ഷേ, അനുയായികൾ രക്ഷക്കെത്തി. പിന്നീട് ഇടക്കിടെ അദ്ദേഹം പൊതുജനമധ്യത്തിൽ ആക്ഷേപിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്തു.

പരസ്യ സംവാദങ്ങളോ ചർച്ചകളോ പ്രവാചകൻ നടത്തുകയുണ്ടായില്ല. ആരെയും വെല്ലുവിളിക്കുകയും ചെയ്തില്ല. തന്റെ കരുത്തുറ്റ വ്യക്തിത്വം കൊണ്ട്, അത്യാകർഷകമായ സ്വഭാവ മഹിമ കൊണ്ട്, ദിവ്യമൂല്യങ്ങളുടെ ശക്തികൊണ്ട് ബഹളങ്ങളില്ലാതെ ജനങ്ങളുടെ മനംമാറ്റത്തിന് കളമൊരുക്കുകയായിരുന്നു അദ്ദേഹം. എതിരാളികളുടെ പീഡനങ്ങളെ അദ്ദേഹം ക്ഷമയോടെ നേരിട്ടു. അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളും ഖുർആൻ സൂക്തങ്ങളുടെ ശക്തിയുമാണ് ജനഹൃദയങ്ങളെ കീഴടക്കിയത്.

തന്റെ ജീവനെടുക്കാൻ ഖുറൈശികൾ പദ്ധതിയിടുന്നുണ്ടെന്ന് മനസ്സിലാക്കിയ പ്രവാചകൻ മക്ക വിട്ട് മദീനയിലെത്തി. ഹിജ്റയെന്ന ഈ പലായനദിനമാണ് മുസ്ലിം കലണ്ടറിന്റെ ആരംഭം.

മദീനയിലെ ജനം താമസംവിനാ മുഹമ്മദിന്റെ സന്ദേശം സ്വീകരിച്ചു. കാരണം, ആ സന്ദേശം വ്യക്തവും ലളിതവും സുതാര്യവുമായിരുന്നു. ഇവരുടെ സഹായത്തോടെ അദ്ദേഹം മക്കയിൽ തിരിച്ചെത്തുകയും അവിടെയുള്ള തന്റെ ബന്ധുക്കളെയും നാട്ടുകാരെയും മാനസികമായി പരിവർത്തിപ്പിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. പിന്നീട് തന്റെ പുതിയ വിശ്വാസത്തിലേക്ക് മുഴുവൻ അറേബ്യൻ ഉപദ്വീപി

നെയും പരിവർത്തിപ്പിക്കുന്നതിന് അദ്ദേഹം അറേബ്യയുടെ ഇതര ഭാഗങ്ങളിലേക്ക് മിഷനറിമാരെ നിയോഗിച്ചു.

മുഹമ്മദിന്റെ അധ്യാപനങ്ങൾ എണ്ണമറ്റ അനുയായികളെ നേടി. ലാളിത്യവും വിശ്വസ്തതയും മേളിച്ച, ഒരിക്കലും ഒരു ലോകഗുരു എന്ന് നടിക്കാത്ത ഒരാളുടെ സന്ദേശമായിരുന്നു അത് എന്നതാണ് കാരണം. നിങ്ങളെപ്പോലെ ഒരു സാധാരണ മനുഷ്യനാണ് താനെന്നും, ദൈവവിശ്വാസവും ദിവ്യവെളിപാടുകളും പഠിപ്പിക്കുക യാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം അനുയായികളോട് പറയാറുണ്ടായിരുന്നു.

മുഹമ്മദിന് വലിയ അലിവും സ്നേഹവുമായിരുന്നു. അനാഥകളെയും വിധവ കളെയും പാവങ്ങളെയും രോഗികളെയും വൃദ്ധരെയും കിടപ്പാടമില്ലാത്തവരെയും അദ്ദേഹം സേവിച്ചു. ഒരിക്കൽ വളരെ പ്രായം ചെന്ന ഒരു വിധവയെ അദ്ദേഹം കാണാ നിടയായി. പ്രവാചകൻ തന്റെ പത്നിയോട് പറഞ്ഞു: "പ്രിയേ, ഈ പ്രായംചെന്ന സ്ത്രീക്ക് ആദ്യം എന്തെങ്കിലും കൊടുക്കൂ; പിന്നെ തനിക്കും ഭക്ഷിക്കാം."

മക്കയുടെ തെരുവിൽ തപ്പിത്തടയുന്ന ഒരു അന്ധ സ്ത്രീയെ കണ്ട് പ്രവാച കൻ അവരെ വളരെ സൗമ്യതയോടെ വീട്ടിലെത്തിക്കുകയും എന്നും ഭക്ഷണമെ ത്തിക്കാൻ ഏർപ്പാടാക്കുകയും ചെയ്തു.

തലയിൽ വലിയ ഭാരം ചുമന്ന് പോകുന്ന ഒരു സ്ത്രീയെ അദ്ദേഹം കാണാനി ടയായി. ഉടനെ ആ ഭാരം അവളിൽനിന്ന് ഇറക്കിവെക്കുകയും ആ ചുമട് സ്വന്തം തലയിലേറ്റി അവളുടെ വീട്ടിൽ എത്തിക്കുകയും ചെയ്തു.

വളരെ വിനയാന്വിതനായിരുന്നു അദ്ദേഹം. വമ്പിച്ച അനുയായി വൃന്ദമുള്ള ഒരു പ്രവാചകനായിരുന്നിട്ടും, മദീനയിലെ ഒന്നാമത്തെ പള്ളിയുടെ നിർമാണവേളയിൽ ഒരു സാദാ ജോലിക്കാരനെപ്പോലെ മറ്റുള്ളവരോടൊപ്പം അധ്വാനിക്കുന്നതായാണ് നാം കാണുന്നത്. അദ്ദേഹം സ്വന്തം ചെരുപ്പുകൾ തുന്നി, പശുക്കളെ കറന്നു, വീട് അടിച്ചുവാരി, സാധനങ്ങൾ വാങ്ങി കൊണ്ടുവന്നു, ഒട്ടകങ്ങൾക്ക് തീറ്റ കൊടുത്തു. അദ്ദേഹം ഉച്ചത്തിൽ ചിരിച്ചില്ല; സൗമ്യമായി പുഞ്ചിരിക്കുക മാത്രം ചെയ്തു. ആ മുഖവും പുഞ്ചിരിയും വളരെ ആകർഷകമായിരുന്നു. അദ്ദേഹം പാവങ്ങളെ ആദ രിച്ചു; നിരവധി അടിമകളെ സ്വതന്ത്രരാക്കി. ദൈവേച്ഛക്ക് വഴിപ്പെടുക എന്നാണ് ഇസ്ലാം എന്ന വാക്കിന്റെ അർഥം. ഇതിന് സെമിറ്റിക് മതമായ ജൂതായിസത്തോട് പ്രകടമായ സാദൃശ്യമുണ്ട്. സമത്വവും സാഹോദര്യവുമാണ് ഇസ്ലാം ഊന്നിപ്പറയു ന്നത്. ലളിത ജീവിതമാണ് അതിന്റെ അടിസ്ഥാനം.

പ്രാർഥന, വ്രതം, ദാനം, തീർഥാടനം, അതോടൊപ്പം ദൈവത്തിന്റെ ഏകത്വ ത്തിലും അവന്റെ പ്രവാചകന്മാരിലുമുള്ള അടിയുറച്ച വിശ്വാസം. ഇതാണ് ഇസ്ലാ മിന്റെ മുഖ്യ ഉദ്ബോധനങ്ങൾ. ഖുർആൻ നൂറിലധികം അധ്യായങ്ങളിലായി വിഭജി തമായിട്ടുണ്ട്. ഖുർആൻ തുടങ്ങുന്നതും അവസാനിക്കുന്നതും ദൈവത്തിന്റെ ഏകത്വം ഉദ്ഘോഷിച്ചുകൊണ്ടാണ്.

ഇസ്ലാം അനിവാര്യമായും സമാധാനത്തിന്റെ മതമാണ്. മുഹമ്മദ് സമാധാന ത്തിന്റെയും അഹിംസയുടെയും പ്രണയി ആയിരുന്നല്ലോ. നിസ്വാർഥതയും കഷ്ട പ്പെടുന്ന മനുഷ്യരെ സേവിക്കലുമാണ് ഇസ്ലാമിന്റെ അടയാള വാക്യങ്ങൾ. ■

(1887-ൽ തമിഴ്നാട്ടിലാണ് സ്വാമി ശിവാനന്ദയുടെ ജനനം. കുപ്പുസ്വാമി എന്നായിരുന്നു ആദ്യത്തെ പേര്. മെഡിക്കൽ ബിരുദമെടുത്ത ശേഷം മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ നിരവ ധി രാജ്യങ്ങൾ സന്ദർശിച്ചു. തുടർന്ന് ലൗകിക ജീവിതം ഉപേക്ഷിച്ച് ധ്യാനത്തിലേക്കും ആത്മീയ പഠനങ്ങളിലേക്കും നീങ്ങി. 1936-ൽ ഡിവൈൻ ലൈഫ് സൊസൈറ്റിക്ക് രൂപംനൽകി. 1963-ൽ മരണം)